# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ *126

02.07.2015 ലെ
മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. എം.ഉമ്മർ | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ അലംഭാവം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദവിവരം നൽകാമോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br>എന്നാൽ, വാർഷിക പദ്ധതി അവലോകനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് സംസ്ഥാന പദ്ധതി ചെലവിനേക്കാൾ കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014-15 വർഷത്തിൽ സംസ്ഥാന പദ്ധതി ചെലവ് 71 ശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതികളുടേത് 57 ശതമാനവുമാണ്. |
| ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം ഇംപ്ലിമെന്റിംഗ് ഏജൻസികൾക്ക് നേരിട്ടു നല്കുന്നത് നിർത്തലാക്കി സംസ്ഥാന സർക്കാർ മുഖാന്തിരം പണം നല്കുന്ന വിധത്തിൽ പരിഷ്കാരം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ ; | ബി) | സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ട് വഴി എല്ലാ കേന്ദ്ര സഹായവും നൽകുന്നതിന്റെ ഭാഗമായാണ് ഇപ്രകാരം നടപ്പാക്കിയിട്ടുള്ളത്. |
| സി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാണെന്ന കാര്യം ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) | കേന്ദ്ര ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമവും സമയബന്ധിതവുമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Bijumon
സെക്ഷൻ ഓഫീസർ